**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

## പോലീസുകാർ ട്രെയിനിൽ ടിക്കറ്റില്ലാതെ യാത്ര ചെയ്ത സംഭവം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 186. 3/2/2020-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | രണ്ട് പോലീസുദ്യോഗസ്ഥർ 2019 ഡിസംബർ മാസം കണ്ണൂർ-തിരുവനന്തപുരം ജനശതാബ്ദി എക്സ്പ്രസ്സിൽ നിശ്ചിത യാത്രയ്ക്ക് മതിയായ ടിക്കറ്റോ രേഖകളോ ഇല്ലാതെ തൃശ്ശൂരിൽ നിന്നും യാത്രചെയ്ത സംഭവം ശ്രദ്ധിച്ചിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ പോലീസുകാർക്കെതിരെ ആർ.പി.എഫ്. എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ; ആഭ്യന്തരവകുപ്പ് ഇവർക്കെതിരെ എന്തെങ്കിലും അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം; | (ബി) | പ്രസ്തുത സംഭവത്തിൽ ആരോപണ വിധേയരായ തൃശ്ശൂർ എ.ആർ. ക്യാമ്പിലെ പോലീസുകാരായ സി.പി.ഒ. 7944 നൈജോൺ പി.ജെ., സി.പി.ഒ. 7999 റിന്റോ സി.ജെ എന്നിവർക്കെതിരെ ആർ.പി.എഫ്. സ്വീകരിച്ച നടപടി സംബന്ധിച്ചുള്ള വിവരം ലഭ്യമല്ല. എന്നാൽ തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ 31/12/2019-ലെ എച്ച്2/ 80457/2019/ആർ.സി. നമ്പർ പ്രകാരം ഇവർക്കെതിരെ വിശദമായ ഒരു അവാച്യാന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ട്. കൂടാതെ പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് TTE-യുടെ പരാതിയുടെ അടിസ്ഥാനത്തിൽ ടി പോലീസുകാർക്കെതിരെ ക്രൈം നമ്പർ 114/19 u/s 341,323 of IPC പ്രകാരം ഒരു കേസും, ടി പോലീസുകാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ TTE-ക്കെതിരെ 113/19 u/s 341,323 of IPC പ്രകാരം ഒരു കേസും തൃശ്ശൂർ RPS-ൽ |

| | | | |
|---|---|---|---|
| | | | രജിസ്റ്റർ ചെയ്ത് ഷൊർണ്ണൂർ റെയിൽവേ പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തി വരുന്നു. |
| (സി) | കുറ്റകൃത്യം ചെയ്തവർ നിയമപാലക സേനാംഗങ്ങളായതിനാൽ അച്ചടക്ക നടപടികളിൽ നിന്നും മറ്റ് മേൽ നടപടികളിൽ നിന്നും ഇവരെ ഒഴിവാക്കുന്നതിന് സേനയിലെ ഉന്നത ഉദ്യോഗസ്ഥർ ഇടപെടൽ നടത്തിയതായ ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ